| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട രീതി | നിബന്ധനകൾ | അടവാക്കേണ്ട ഫീസ് | സമയ പരിധി | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 40. | ടെലികമ്മ്യൂണിക്കേഷൻ ടവർ | • കെ.പി.ബി.ആർ. ചട്ടം അനുബന്ധം എ യിലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ചത്<br>• സൈറ്റ് പ്ലാൻ, ലൊക്കേഷൻ പ്ലാൻ, എലിവേഷൻ, സെക്ഷൻ എന്നിവ രേഖപ്പെടുത്തിയ പ്ലാനുകൾ<br>• ടെലികമ്മ്യൂണിക്കേഷൻ വകുപ്പിൽ നിന്നുള്ള രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്/ലൈസൻസിന്റെ പകർപ്പ് ഡാറ്റാഷീറ്റ് (സർവ്വീസ് നൽകുന്നവരുടെ പേര്, ലൊക്കേഷൻ, ടവർ റഫറൻസ്, ഉയരം, ഭാരം, നിലത്തോ/കെട്ടിടത്തിന് മുകളിലോ, ആന്റിനകളുടെ എണ്ണം മുതലായവ)<br>• SACFA ക്ലിയറൻസ്/ക്ലിയറൻസിനുവേണ്ടി സമർപ്പിച്ച അപേക്ഷയുടെ പകർപ്പും അണ്ടർടേക്കിങ്ങ് കത്തും ഗ്രൗണ്ട് ടവറിന്റെ സംഗതിയിൽ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റ് പകർപ്പ്<br>• ഗ്രൗണ്ട് ടവറിന്റെ സംഗതിയിൽ സ്ട്രക്ച്ചറൽ സ്റ്റെബിലിറ്റി സർട്ടിഫിക്കറ്റിന്റെ പകർപ്പ്/കെട്ടിടത്തിനു മുകളിലുള്ള ടവറാണെങ്കിൽ അധികാരപ്പെട്ട എഞ്ചിനീയറിൽ നിന്നും കെട്ടിടത്തിന്റേയും ടവറിന്റേയും സുരക്ഷിതത്വം സംബന്ധിച്ചുള്ള അംഗീകാരം.<br>• ഡീസൽ ജനറേറ്റർ സിസ്റ്റം സംബന്ധിച്ച് ഇന്ത്യ-ഓട്ടോമോട്ടീവ് റിസർച്ച് അസോസിയേഷനിൽ നിന്നുള്ള ടെസ്റ്റ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്<br>• ഫയർ ക്ലിയറൻസ് ആവശ്യമായ സംഗതികളിൽ ഫയർ സേഫ്റ്റി ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ്<br>• വന സംരക്ഷണ പ്രദേശമാണെങ്കിൽ ഫോറസ്റ്റ് പരിസ്ഥിതി ക്ലിയറൻസ് സർട്ടിഫിക്കറ്റ്<br>• ഉടമസ്ഥാവകാശരേഖ/അപേക്ഷകൻ ഉടമയല്ലെങ്കിൽ ടവർ നിർമ്മാണത്തിനു വേണ്ടിയുള്ള സ്ഥലം/കെട്ടിടത്തിന്റെ മുകൾ ഭാഗം നൽകികൊണ്ടുള്ള സ്ഥലം ഉടമ/കെട്ടിട ഉടമയുടെ പക്കൽ നിന്നുള്ള അനുമതി/ഉടമ്പടി പ്രമാണം.<br>• പൊതുജനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കികൊണ്ട് (with in safe EMR exposure limit) സർവ്വീസ് പ്രൊവൈഡർ സമർപ്പിച്ച സർട്ടിഫിക്കറ്റ് കൈപ്പറ്റിയതിന് ടെലികമ്മ്യൂണിക്കേഷൻ ഡിപ്പാർട്ട്മെന്റ് നൽകിയ രേഖ | ബി.എസ്.എൻ.എൽ-ന് ടവർ സ്ഥാപിക്കുന്നതിന് ഫീസ് ആവശ്യമില്ല എല്ലാ ടവർ പെർമിറ്റുകളുടെയും പെർമിറ്റ് കാലാവധി ഒരു വർഷത്തേക്ക് മാത്രം. | ടവറിന് പെർമിറ്റ് ഫീ -10000 രൂപ<br>പോൾസ്ട്രക്ച്ചർ ആണെങ്കിൽ രൂപ 2500<br>അനുബന്ധ കെട്ടിടങ്ങൾക്ക് പട്ടിക II പ്രകാരം | 30 ദിവസം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |

| ക്രമ നം | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട രീതി | നിബന്ധനകൾ | അടവാക്കേണ്ട ഫീസ് | സമയ പരിധി | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 41. | പെർമിറ്റ് കൈമാറ്റം ചെയ്യൽ | • വസ്തുകൈമാറ്റം ചെയ്ത വ്യക്തിയുടേയും കൈമാറി കിട്ടിയ വ്യക്തിയുടേയും അപേക്ഷകൾ (5 രൂപ കോർട്ട് ഫീ അടച്ചത്) - അനുബന്ധം 25<br>• അനുവദിക്കപ്പെട്ട പെർമിറ്റിന്റെ അസൽ<br>• സ്ഥലം കൈമാറ്റം നടത്തിയത് തെളിയിക്കുന്ന രേഖകളുടെ പകർപ്പ് (അസൽ പരിശോധനക്ക് വിധേയമാക്കണം)<br>• കൈവശ സർട്ടിഫിക്കറ്റ് | | 25 രൂപ | 15 ദിവസം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |
| 42. | കെട്ടിട നിർമ്മാണ പെർമിറ്റ് കാലാവധി നീട്ടൽ/പുതുക്കൽ | • വെള്ളക്കടലാസിലുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം) അനുബന്ധം 26 കാണുക<br>• ഒറിജിനൽ പെർമിറ്റിന്റെ പകർപ്പ്<br>കാലാവധി കഴിഞ്ഞ് പെർമിറ്റ് തീയതി മുതൽ 9 വർഷത്തിനകം എപ്പോൾ വേണമെങ്കിലും അപേക്ഷിക്കാം. | • കാലാവധിക്കുള്ളിൽ മൊത്തം 9 വർഷത്തിൽ അധികരിക്കാത്ത വിധം പരമാവധി 3 വർഷത്തേക്ക് പുതുക്കി നൽകാം.<br>• കമ്മ്യൂണിക്കേഷൻ ടവറിന്റെ പെർമിറ്റ് പുതുക്കി നൽകുന്നത് 1 വർഷത്തേക്ക് മാത്രം. | കാവധിക്കുള്ളിൽ നിലവിലുള്ള പെർമിറ്റ് ഫീസിന്റെ 10% തുക കാലാവധി കഴിഞ്ഞ് 1 വർഷത്തിനുള്ളിൽ പെർമിറ്റ് പുതുക്കുമ്പോൾ പെർമിറ്റ് ഫീസിന്റെ 50% (ഒരു പ്രാവശ്യം മാത്രം) | 15 ദിവസം | തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |
| 43. | കെട്ടിടത്തിന് നമ്പർ നൽകൽ | പെർമിറ്റ് പ്രകാരം പണിത കെട്ടിടത്തെ സംബന്ധിച്ച്<br>• വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>• ക്യൂപൻസി സർട്ടിഫിക്കറ്റിന്റെ പകർപ്പ്<br>• വസ്തു നികുതി ചട്ടം ഫാറം 2 ലുള്ള റിട്ടേൺ<br>പെർമിറ്റ് ആവശ്യമില്ലാത്ത കെട്ടിടത്തെ സംബന്ധിച്ച്<br>• വെള്ളക്കടലാസിലുള്ള അപേക്ഷ (അനുബന്ധം 27)<br>• എ2 ഫോറവും അനുബന്ധ രേഖകളും നൽകിയിട്ടില്ല എങ്കിൽ താഴെപ്പറയുന്ന രേഖകൾ അപേക്ഷയോ ടൊപ്പം ഹാജരാക്കണം<br>• കെട്ടിടത്തിന്റെ വിവരങ്ങളടങ്ങുന്ന സ്റ്റേറ്റ്മെന്റ്<br>• കെട്ടിടത്തിന്റെ അതിരുകൾ വ്യക്തമാക്കുന്ന റഫ് സ്കെച്ച്<br>• ആധാരത്തിന്റെ പകർപ്പ്<br>• കൈവശം സർട്ടിഫിക്കറ്റ്<br>• ഭൂനികുതി അടച്ച രശീതിയുടെ പകർപ്പ്<br>• വസ്തു നികുതി ചട്ടം 2 ലുള്ള റിട്ടേൺ | • പെർമിറ്റ് ആവശ്യമായ സംഗതികളിൽ പെർമിറ്റ് കൂടാതെ പണിതതാണെങ്കിൽ റഗുലറൈസേഷൻ ഉത്തരവിന്റെ പകർപ്പ് ഹാജരാക്കണം.<br>• മൊബൈൽ ടവറുകൾക്ക് കമ്പനി വസ്തു നികുതി അടവാക്കിയില്ലെങ്കിൽ സ്ഥല ഉടമ അടവാക്കിക്കൊള്ളാമെന്ന സമ്മതപത്രം സ്ഥല/കെട്ടിട ഉടമ സമർപ്പിച്ചിരിക്കണം | ആവശ്യമില്ല | 30 ദിവസം | തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട രീതി | നിബന്ധനകൾ | അടവാക്കേണ്ട ഫീസ് | സമയ പരിധി | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 44. | വസ്തു നികുതിയിൽ നിന്നും ഒഴിവാക്കൽ (പൊളിച്ചു നീക്കിയ കെട്ടിടങ്ങൾ) (അപേക്ഷ നൽ കുന്ന തീയതി മുതൽ മാത്രമേ നികുതി ഒഴിവാക്കുക യുള്ളു) | • വെള്ളക്കടലാസിൽ തയ്യാറാക്കിയ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ - അനുബന്ധം 29 | | ഇല്ല | 45 ദിവസം | • ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി<br>• തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |
| 45. | ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങൾ നികുതി ഇളവ് ചെയ്യൽ | • വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ (5 രൂപ കോർട്ട് ഫീ സഹിതം) - അനുബന്ധം 30<br>• ഓരോ അർദ്ധ വർഷത്തേക്കും പ്രത്യേകം പ്രത്യേകം അപേക്ഷ | നികുതി ഇളവ് ലഭിക്കുന്നതിന് കെട്ടിട ഉടമ അപേക്ഷ നൽകിയ തിയതി മുതലോ കെട്ടിടങ്ങൾ ഒഴിഞ്ഞു കിടക്കുന്ന തിയതി മുതലോ ഏതാണ് ഒടുവിൽ ആ തിയതി മുതൽ ഇളവ് അനുവദിക്കാവുന്നതാണ്. | ഇല്ല | 45 ദിവസം | • ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി<br>• തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |
| 46. | നികുതിയിന്മേലുള്ള അപ്പീൽ | • വെള്ളക്കടലാസിലുള്ള അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് സഹിതം) - അനുബന്ധം 31.<br>• നികുതി അടച്ച രശീതിയുടെ പകർപ്പ് | • നികുതി അടച്ച് ശേഷം മാത്രമേ അപ്പീലുകൾ പരിഗണിക്കുകയുള്ളൂ.<br>• ഡിമാന്റ് നോട്ടീസ് കൈപ്പറ്റി 30 ദിവസത്തിനകം അപ്പീൽ സമർപ്പിക്കണം. മതിയായ കാരണമുണ്ടെങ്കിൽ കാലതാമസം മാപ്പാക്കണം. | ഇല്ല | അപ്പീൽ ലഭിച്ച് 60 ദിവസത്തിനകം | തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ |
| 47. | വാസയോഗ്യമായ വീടില്ല എന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ | | ഇല്ല | 7 ദിവസം | പഞ്ചായത്ത് ഭരണസമിതി |
| 48. | കെട്ടിടങ്ങളുടെ ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ | • വെള്ളക്കടലാസിൽ 5 രൂപ കോർട്ട് ഫീ പതിച്ച് കെട്ടിട ഉടമയും മുൻ ഉടമയും സംയുക്തമായി തയ്യാറാക്കിയ അപേക്ഷ<br>• സംയുക്ത അപേക്ഷ സാധ്യമല്ലാത്ത സംഗതികളിൽ രജിസ്റ്റർ പ്രകാരമുള്ള ഉടമസ്ഥന് 30 ദിവസം സമയം നൽകി നോട്ടീസ് നൽകണം<br>• ആധാരത്തിന്റെ പകർപ്പും അസ്സലും<br>• കോടതി വിധിയോ മറ്റോ പ്രകാരമോ ഉള്ള വില്പനയിൽ ടി ഉത്തരവുകളുടെ പകർപ്പ് (സാക്ഷ്യപ്പെടുത്തിയത്)<br>• കെട്ടിട ഉടമ മരണപ്പെട്ട സംഗതിയിൽ മരണ സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, പിൻതുടർച്ചാ അവകാശം സംബന്ധിച്ച് ആവശ്യമായ രേഖകൾ | • വസ്തു കൈമാറ്റം ചെയ്ത സംഗതിയിൽ 3 മാസത്തിനകവും, പിൻതുടർച്ചാവകാശ പ്രകാരം ഉള്ള സംഗതികളിൽ വസ്തുവിന്റെ ഉടമ മരണപ്പെട്ട് 1 വർഷത്തിനകവും ഉടമസ്ഥാവകാശ കൈമാറ്റം പഞ്ചായത്തിൽ അറിയിക്കണം. വീഴ്ച്ച വരുത്തിയാൽ പരമാവധി 500 രൂ. വരെ പിഴയായി ഈടാക്കാവുന്നതാണ്. | ഇല്ല | 45 ദിവസം | 30 ദിവസത്തിനകം പഞ്ചായത്ത് ഭരണ സമിതിക്ക് |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട രീതി | നിബന്ധനകൾ | അടവാക്കേണ്ട ഫീസ് | സമയ പരിധി | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 49. | ഉടമസ്ഥാവകാശം/ താമസ സർട്ടിഫിക്കറ്റുകൾ നൽകൽ | • വെള്ളക്കടലാസിൽ തയ്യാറാക്കിയ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ - അനുബന്ധം 34<br>• അപേക്ഷകൻ കെട്ടിട ഉടമ അല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം/രണ്ടു പേരും കൂടി ഒപ്പുവെച്ച വാടക കരാർ | | ഇല്ല | താമസ സർട്ടിഫിക്കറ്റിന് 7 പ്രവത്തി ദിവസം, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന് 3 പ്രവത്തി ദിവസം | പഞ്ചായത്ത് ഭരണ സമിതി |
| 50. | അപായകരമായ വൃക്ഷങ്ങളുടെ കാര്യത്തിലുള്ള മുൻകരുതലുകൾ | അപേക്ഷ വെള്ളക്കടലാസിൽ എഴുതി നൽകിയാൽ മതി | | ആവശ്യമില്ല | നോട്ടീസ് നൽകൽ : പഞ്ചായത്ത് തീരുമാനം എടുത്താൽ ഉടൻ ബന്ധപ്പെട്ട സ്ഥലമുടമസ്ഥന് നോട്ടീസ് നൽകണം | |
| 51. | നിർധന വ്യക്തികൾക്ക് ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകൽ | വിശദ വിവരങ്ങൾ ഉൾപ്പെടുത്തിയ വെള്ളക്കടലാസിലെ അപേക്ഷ | • പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതം അനുഭവിക്കുന്നവരായിരിക്കണം<br>• പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്നവരും നിർധനരുമായിരിക്കണം<br>• മറ്റേതെങ്കിലും ഏജൻസിയിൽ നിന്നും ലഭച്ച/ലഭിക്കാവുന്ന ധനസഹായത്തെപ്പറ്റി പരിഗണിക്കണം.<br>• ദുരിതാശ്വാസ നിധി ഉണ്ടെങ്കിൽ മാത്രം | ഇല്ല | ബന്ധപ്പെട്ട കമ്മറ്റി തീരുമാനത്തിന് വിധേയം | |
| 52 | കെട്ടിടത്തിന്റെ പ്രായം കാണിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളക്കടലാസിൽ വീട്ടുനമ്പർ രേഖപ്പെടുത്തി അപേക്ഷ<br>നികുതി കുടിശ്ശിക ഉണ്ടെങ്കിൽ ആയത് അടച്ച രശീതി | | ഇല്ല | 3 പ്രവൃത്തി ദിവസം | |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട രീതി | നിബന്ധനകൾ | അടവാക്കേണ്ട ഫീസ് | സമയ പരിധി | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 53. | ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക്ഷോപ്പുകൾ മുതലായവയുടെ ഇൻസ്റ്റാലേഷൻ പ്രവർത്തനങ്ങൾക്ക് മുമ്പ് വാങ്ങേണ്ട അനുമതി | • നിശ്ചിത ഫോറത്തിലുള്ള അപേക്ഷ<br>• സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പ്<br>• അപേക്ഷകൻ സ്ഥമുടമയല്ലെങ്കിൽ അപേക്ഷകന് നിശ്ചിത സ്ഥലത്ത് നിർമ്മാണത്തിനും ഉപയോഗത്തിനും അനുവദിച്ചുകൊണ്ടുള്ള സ്ഥല ഉടമയുമായുള്ള കരാറിന്റെ പകർപ്പ്<br>• 1948 ലെ ഫാക്ടറീസ് ആക്ടുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ഫാക്ടറി ഇൻസ്പെക്ടറുടേയോ അല്ലെങ്കിൽ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടേയോ പദവിയിൽ താഴെയല്ലാത്ത വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനിൽ നിന്നുള്ള റിപ്പോർട്ട്<br>• ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട്. (മലിനീകരണത്തിന് സാധ്യതയുള്ള പട്ടിക V പ്രകാരമുള്ള സംഗതികളിലും 25 കുതിരശക്തിയിൽ കൂടുതൽ കണക്ടഡ് ലോഡ് വരുന്ന എല്ലാ സംഗതികളിലും) എന്നാൽ ഏതൊരു കാര്യത്തിലും മലിനീകരണം ഉണ്ടാകുന്നതല്ലെന്ന് മലിനീകരണ നിയന്ത്രണ ബോർഡോ അല്ലെങ്കിൽ അധികാരപ്പെടുത്തിയ വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥനോ നൽകുന്ന റിപ്പോർട്ട് ഹാജരാക്കുന്ന/ലഭിക്കുന്ന സംഗതികളിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് ആവശ്യമില്ലാത്തതാണ്)<br>• തീപിടിക്കുവാനോ പൊട്ടിത്തെറിക്കുവാനോ സാധ്യതയുള്ള സംഗതികളിൽ ഫയർ ഡിവിഷണൽ ഓഫീസിൽ നിന്നുള്ള സർട്ടിഫിക്കറ്റ്<br>• കെട്ടിട നിർമ്മാണ ചട്ടപ്രകാരമുള്ള അപേക്ഷ<br>• 100 മീറ്റർ ചുറ്റളവിലുള്ള സൈറ്റ് പ്ലാൻ (100 മീറ്റർ റേഡിയസിലുള്ള ആരാധനാലയങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, താമസസ്ഥലങ്ങൾ എന്നിവ അടയാളപ്പെടുത്തുയിരിക്കണം. എന്നാൽ ഇവരിൽ നിന്ന് എൻ.ഒ.സി ആവശ്യമില്ല)<br>• എക്സ്പ്ലോസീവ് വിഭാഗത്തിൽപ്പെട്ടവർക്ക് ജില്ലാ കളക്ടറുടെ/ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവിന്റെ അനുവാദപത്രം. | | IFTE & OS ചട്ടത്തിലെ പട്ടിക IV പ്രകാരം | മറ്റ് സ്ഥാപനങ്ങളിൽ നിന്ന് നിരാക്ഷേപ സാക്ഷ്യപത്രം ആവശ്യമില്ലാത്ത സംഗതികളിലും അപേക്ഷകൻ മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കുന്ന സംഗതികളിലും - 30 ദിവസം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട രീതി | നിബന്ധനകൾ | അടവാക്കേണ്ട ഫീസ് | സമയ പരിധി | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 54. | വ്യാപാര - വ്യവസായ സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് | • നിശ്ചിത ഫോറത്തിലുള്ള അപേക്ഷ<br>• ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖയുടെ പകർപ്പും അല്ലെങ്കിൽ അപേക്ഷകൻ സ്ഥമുടമയല്ലെങ്കിൽ കൈവശം അനുവദിച്ചുകൊണ്ടുള്ള സ്ഥല ഉടമയുടെ പക്കൽ നിന്നുള്ള രേഖ.<br>• കെട്ടിടത്തിന്റെ ക്യുപെൻസി സർട്ടിഫിക്കറ്റ് | • പുതുതായി വ്യാപാരം തുടങ്ങുന്നതിനോ നിലവിലുള്ളവ പുതുക്കുന്നതിനോ 30 ദിവസത്തിനു മുമ്പും 90 ദിവസത്തിലധികരിക്കാതെയും അപേക്ഷ സമർപ്പിക്കേണ്ടതാണ്.<br>• മത്സ്യ - മാംസ വ്യാപാര സ്ഥാപനങ്ങൾ, ചായക്കട, ഹോട്ടൽ, ബേക്കറി എന്നിവക്ക് ആരോഗ്യ വകുപ്പ് അധികാരികളിൽ നിന്നുള്ള സാനിറ്ററി ഫിറ്റ്നസ് സെക്രട്ടറി ഉറപ്പാക്കണം.<br>• സ്ഥലനാമം രേഖപ്പെടുത്തിക്കൊണ്ടുള്ള നിബന്ധന ഉറപ്പാക്കണം.<br>• പഞ്ചായത്തിലേക്ക് ഏതെങ്കിലും തരത്തിലുള്ള കുടിശിക ഉണ്ടെങ്കിൽ ലൈസൻസ് അനുവദിക്കാവുന്നതല്ല (സെക്ഷൻ 236 (13) ) | പട്ടിക I ലെ വ്യാപാരങ്ങൾക്ക് L യന്ത്രസാമഗ്രികൾക്ക് KPR പട്ടിക പ്രകാരവും LGO(P) NO. 80/ 2017 LSGO DT. 31.10.17 ലെ പട്ടിക പ്രകാരവും | മറ്റുവകുപ്പിൽ നിന്ന് ആവശ്യമായ അനുമതികളോടെ സമർപ്പിക്കുന്നവർക്ക് 7 ദിവസം അല്ലാത്തവർക്ക് എല്ലാം 30 ദിവസം | • ഭരണ സമിതി<br>• തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |
| 55. | ക്വാറികൾക്കുള്ള ലൈസൻസുകൾ | • നിശ്ചിത ഫോറത്തിലുള്ള അപേക്ഷ<br>• മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സർട്ടിഫിക്കറ്റ്<br>• ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ<br>• സ്വകാര്യ ഭൂമി ആണെങ്കിൽ റവന്യൂ വകുപ്പിൽ നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റ്. റവന്യൂ ഭൂമിയാണെങ്കിൽ റവന്യൂ വകുപ്പിന്റെ കെ.എൽ.സി. ആക്ട് പ്രകാരമുള്ള അനുമതി<br>• റവന്യൂ വകുപ്പിൽ നിന്ന്/ചീഫ് കൺട്രോളർ ഓഫ് എക്സ്പ്ലോസീവ്സ് പക്കൽ നിന്ന് ലഭിച്ച അനുമതി<br>• പാറപൊട്ടിക്കുന്ന ആളുടെ വൈദഗ്ധ്യം സംബന്ധിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ്<br>• മൈനിംഗ് ആന്റ് ജിയോളജി ഡിപ്പാർട്ട്മെന്റിൽ നിന്നുള്ള അനുമതി<br>• ക്വാറി നടത്താനുദ്ദേശിക്കുന്ന സ്ഥലത്തിന്റെ സർട്ടിഫൈഡ് സർവ്വേ സ്കെച്ചും ലൊക്കേഷൻ മാപ്പും<br>• കെ.പി.ബി.ആർ അനുസരിച്ചുള്ള അപേക്ഷ ആവശ്യമെങ്കിൽ | • 15.3.2010 ലെ നമ്പർ 78327/ആർ സി 3/09/ തസ്വഭവ സർക്കുലർ അനുസരിച്ച് ലൈസൻസ് നൽകുന്നതിനു മുമ്പ് പഞ്ചായത്തിന്റെ അനുമതി വാങ്ങിയിരിക്കണം. | പട്ടിക II പ്രകാരം | 30 ദിവസം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട രീതി | നിബന്ധനകൾ | അടവാക്കേണ്ട ഫീസ് | സമയ പരിധി | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 56. | സ്വകാര്യ ശ്മശാനം (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലം) സ്ഥാപിക്കൽ / വിപുലീകരിക്കൽ എന്നിവക്ക് ലൈസൻസ് നൽകൽ | • നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (ഫോറം 1 ചട്ടം 6)<br>• ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>സ്ഥലത്തിന്റെ പ്ലാനും സ്കെച്ചും<br>• വില്ലേജ് ഓഫീസറിൽ നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റ്<br>• 50 മീറ്റർ റേഡിയസിൽ വരുന്ന ജനവാസ ഗൃഹങ്ങളുടെയും ജലസ്രോതസ്സുകളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സ്ഥലത്തിന്റെ മാപ്പ്<br>• ഏതെങ്കിലും തരത്തിലുള്ള നിർമ്മാണം ഉണ്ടെങ്കിൽ കെ.പി.ബി.ആർ അനുസരിച്ചുള്ള അപേക്ഷ | • ജനവാസ ഗൃഹങ്ങളുടെയും ജലസ്രോതസ്സുകളുടെയും 50 മീ. പരിധിക്കുള്ളിൽ അനുവദനീയമല്ല. എന്നാൽ പെട്രോളിയം/ഗ്യാസ്/വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ക്രിമേറ്റോറിയങ്ങളുടെയും കോൺക്രീറ്റ് കല്ലറകളുടെയും ക്രായത്തിൽ 25 മീറ്റർ മതിയാകുന്നതാണ്. | 1000രൂപ | പഞ്ചായത്ത് പരിഗണിക്കേണ്ടത് - 30 ദിവസം<br>ജില്ലാ മെഡിക്കൽ ഓഫീസർ - 30 ദിവസം<br>ജില്ലാ കളക്ടർ - 6 മാസം | |
| 57. | സ്വകാര്യ മാർക്കറ്റുകൾക്കുള്ള പുതിയ ലൈസൻസുകൾ/ ലൈസൻസുകൾ പുതുക്കൽ | • II-ാം നമ്പർ ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (ചട്ടം 9)<br>• സ്റ്റാളുകൾ, തുറസ്സായ സ്ഥലങ്ങൾ, പോക്കുവരവിനുള്ള വഴികൾ, അഴുക്കുചാലുകൾ, ശൗചാലയങ്ങൾ തുടങ്ങിയവയുടെ സ്ഥാനം രേഖപ്പെടുത്തിയ സ്കെച്ച്<br>• ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ. അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ സ്ഥലം പാട്ടത്തിന് കൊടുത്തതിന്റെ എഗ്രിമെന്റ്<br>• കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ഒക്യുപെൻസി സർട്ടിഫിക്കറ്റ്<br>• പുതുതായി തുടങ്ങുന്ന സംഗതിയിൽ പരസ്യം ചെയ്യുന്നതിനുള്ള ചെലവ് തുക പഞ്ചായത്തിൽ അടച്ചതിന്റെ രശീത്<br>• പുതുക്കുവാനാണെങ്കിൽ മൊത്തം ടേൺ ഓവറിന്റെ സ്റ്റേറ്റ്മെന്റ്<br>• കെ.പി.ബി.ആർ അനുസരിച്ചുള്ള അപേക്ഷ | • കന്നുകാലി ചന്ത ഏർപ്പെടുത്തുന്നതിന് അനുമതി നൽകുന്നതിന് മുമ്പ് ജില്ലാ മൃസംരക്ഷണ ഓഫീസറുടെ അഭിപ്രായം ആരായേണ്ടതാണ്.<br>• നിലവിലുള്ള സ്വകാര്യ മാർക്കറ്റോ പൊതു മാർക്കറ്റോ സ്ഥിതി ചെയ്യുന്ന സ്ഥലത്തു നിന്നും 3 കിലോമീറ്ററിനുള്ളിൽ വരുന്ന് സ്ഥലത്ത് അതേ പഞ്ചായത്തിൽ പുതിയ മാർക്കറ്റോ സ്വകാര്യ മാർക്കറ്റോ അനുവദിക്കുന്നതല്ല. എന്നാൽ അന്തിചന്തയുടെ കാര്യത്തിൽ ദൂരപരിധി ഒന്നര കിലോമീറ്റർ മതിയാകുന്നതാണ്.<br>• മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണം. | • പുതിയത് തുടങ്ങുമ്പോൾ : പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ്<br>• പുതുക്കൽ നടത്തുന്നതിന് : പഞ്ചായത്ത് നിശ്ചയിക്കുന്ന ഫീസ് | പൗരാവകാശ രേഖയിൽ നിശ്ചയിച്ച പ്രകാരം | അന്തിചന്തക്ക് യാതൊരു ഫീസും ഈടാക്കുവാൻ പാടില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട രീതി | നിബന്ധനകൾ | അടവാക്കേണ്ട ഫീസ് | സമയ പരിധി | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 58. | കശാപ്പുശാലകളും ഇറച്ചിക്കടകളും തുടങ്ങുന്നതിനും പുതുക്കുന്നതിനുമുള്ള ലൈസൻസ് | • ഫാറം മൂന്നിലുള്ള അപേക്ഷ (ചട്ടം 32)<br>• കെട്ടിടത്തിന്റെ പ്ലാനും സ്കെച്ചും (ജലലഭ്യത സംബന്ധിച്ച വിവരങ്ങൾ കാണിച്ചിരിക്കണം)<br>• മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം<br>• സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖ<br>• അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ സ്ഥലമുടമസ്ഥന്റെ സമ്മതപത്രം<br>• 150 മീറ്റർ റേഡിയസിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, വാസസ്ഥലങ്ങൾ, പൊതുനിരത്തുകൾ എന്നിവ കാണിക്കുന്ന സ്ഥലത്തിന്റെ സ്കെച്ച്<br>• കശാപ്പ് നടത്തുന്ന ആളുടെ ലൈസൻസിന്റെ പകർപ്പ് (ചട്ടം 6)<br>• പരസ്യചെലവിനുള്ള തുക മുൻകൂറായി അടച്ചതിന്റെ രശീതി (ചട്ടം 32(3)) | • വാസസ്ഥലത്തു നിന്നും 90 മീറ്റർ, ആശുപത്രി, ആരാധനാലയങ്ങൾ, പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് 150 മീറ്റർ, പൊതു റോഡുകളിൽ നിന്ന് 30 മീറ്റർ എന്നിവയിൽ കുറഞ്ഞ ദൂര പരിധിയിൽ അനുവദനീയമല്ല.<br>• പന്നിയെ കശാപ്പ് ചെയ്യുന്നതിന് സാധാരണ കശാപ്പുശാലയിൽ നിന്നും 90 മീറ്റർ ദൂരപരിധി പാലിച്ചിരിക്കേണ്ടതാണ്.<br>• കശാപ്പുശാലയിൽ മാംസ വിൽപന പാടില്ല. മാംസ വിൽപനക്ക് IFTE & OS നിയമങ്ങൾ അനുസരിച്ചുള്ള ലൈസൻസ് ആണ് എടുക്കേണ്ടത്. അനുസരിച്ച്<br>• KPBR കശാപ്പ്ശാല ഹബാർഡഡ് വിഭാഗത്തിൽപ്പെടുത്തുന്നതിനാൽ KPBR ചട്ടം 61 അനുസരിച്ചുള്ള നിബന്ധനകൾ പാലിക്കണം<br>• KPBR പ്രകാരമുള്ള ക്യൂപൻസി ഉറപ്പാക്കണം | • അപേക്ഷാ ഫീസ് - 50 രൂപ ലൈസൻസ് ഫീസ്<br>• പുതിയ കശാപ്പ് ശാല നടത്തുന്നതിന് - 300 രൂപ (ചട്ടം 35)<br>• നിലവിലുള്ളതിന് മൊത്തം വരുമാനത്തിന്റെ 20 ശതമാനം എന്ന നിരക്കിൽ ഏറ്റവും കുറഞ്ഞത് - 500 രൂപ (ചട്ടം 35) | പൗരാവകാശ രേഖയിൽ നിശ്ചയിച്ച പ്രകാരം 45 ദിവസം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |
| 59. | സ്വകാര്യ വണ്ടിത്താവളങ്ങൾ, വാഹന സ്റ്റാന്റുകൾ എന്നിവയ്ക്കുള്ള ലൈസൻസ് | • നിശ്ചിത ഫോറത്തിലുള്ള അപേക്ഷ (അനുബന്ധം 37)<br>• ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>• അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ സ്ഥലം അപേക്ഷകന് പാട്ടത്തിന് നൽകിയതിന്റെ എഗ്രിമെന്റ്<br>• സ്ഥലത്തിന്റെ പ്ലാനും സ്കെച്ചും<br>• പരസ്യം ചെയ്യുന്നതിനുള്ള ചാർജ് പഞ്ചായത്തിൽ അടച്ചതിന്റെ രശീത് ചട്ടം 22(3)<br>• വില്ലേജ് ഓഫീസറിൽ നിന്നുള്ള പൊസഷൻ സർട്ടിഫിക്കറ്റ്<br>• റീജണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ അനുമതി ചട്ടം 23<br>• ഏതെങ്കിലും തരത്തിലുള്ള നിർമ്മാണം ഉണ്ടെങ്കിൽ കെ.പി.ബി.ആർ അനുസരിച്ചുള്ള അപേക്ഷ | | 200 രൂപ (പുതിയവ തുടങ്ങുന്നതിനും പുതുക്കുന്നതിനും) KPBR 228(5) | പഞ്ചായത്ത് പരിഗണിക്കേണ്ടത് - 30 ദിവസം | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട രീതി | നിബന്ധനകൾ | അടവാക്കേണ്ട ഫീസ് | സമയ പരിധി | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 60. | ലൈവ് സ്റ്റോക്ക് ഫാം അനുമതിക്കുള്ള അപേക്ഷ നൽകൽ (കന്നുകാലി 5 ൽ കൂടുതൽ, ആട് 20 ൽ കൂടുതൽ, മുയൽ 25 ൽ കൂടുതൽ, പൗൾട്രി 100 ൽ കൂടുതൽ, പന്നി 5 ൽ കൂടുതൽ) | • ഫാറം നമ്പർ ഒന്നിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>• ഫാമിൽ വളർത്താൻ ഉദ്ദേശിക്കുന്ന മൃഗങ്ങളുടെ/പക്ഷികളുടെ വിവരങ്ങൾ/എണ്ണം<br>• സൈറ്റ് പ്ലാൻ, സ്കെച്ച്, ബിൽഡിംഗ് പ്ലാൻ (സാനിറ്റേഷൻ സൗകര്യം, സ്ഥലത്തിന്റെ വിസ്തീർണ്ണം, 100 മീറ്റർ റേഡിയസിൽ ജനവാസം സംബന്ധിച്ചുള്ള വിവരങ്ങൾ, മാലിന്യ നിർമ്മാർജ്ജന ക്രമീകരണങ്ങൾ എന്നിവ കാണിച്ചിരിക്കണം) | • സെക്രട്ടറിക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം മലിനീകരണ നിയന്ത്രണ ബോർഡിന്റേയോ/ജില്ലാ മെഡിക്കൽ ഓഫീസറുടേയോ റിപ്പോർട്ട് ആവശ്യപ്പെടാം.<br>• ദേശാടന പക്ഷികൾ തങ്ങുന്ന ജലാശയങ്ങളായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സ്ഥലത്തിന് 4 കിലോ മീറ്റർ ചുറ്റളവിൽ പൗൾട്രി ഫാം തുടങ്ങാൻ അനുമതി നൽകാവുന്നതല്ല. | ഇല്ല | 30 ദിവസം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |
| 61. | ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിന് ലൈസൻസിനുള്ള അപേക്ഷ | • അനുമതി പത്രത്തിന്റെ പകർപ്പ്<br>• ഫാറം 2 ൽ ഉള്ള നിശ്ചിത അപേക്ഷ (5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ചത്)<br>• കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ഒക്യുപെൻസി സർട്ടിഫിക്കറ്റ് | | പട്ടിക പ്രകാരമുള്ള ഫീസ് | 30 ദിവസം | • ഗ്രാമപഞ്ചായത്ത് (60 ദിവസത്തിനകം)<br>• തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |
| 62. | പി.പി.ആർ ആക്ട് പ്രകാരമുള്ള ലൈസൻസ് | • നിശ്ചിത ഫാറത്തിലുള്ള അപേക്ഷ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച് (മാതൃകാ അനുബന്ധം 38)<br>• സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും (സൈറ്റ് പ്ലാനും ബിൽഡിംഗ് പ്ലാനും)<br>• സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖ<br>• അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ സ്ഥലമുടമയുടെ സമ്മതപത്രം<br>• കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരമുള്ള ഒക്യുപെൻസി സർട്ടിഫിക്കറ്റ് | • 50 ച. മീറ്റർ താഴെ വിസ്തീർണ്ണമുള്ള സ്ഥലത്തിന്റെ ഉപയോഗത്തിന് ലൈസൻസ് ആവശ്യമില്ല. | പി.പി.ആർ റൂൾസ് 1965 റൂൾസ് 28 പ്രകാരം | • പുതിയ ലൈസൻസ് പരമാവധി 21 ദിവസം<br>• അത്യാവശ്യഘട്ടത്തിൽ 10 ദിവസം<br>• പുതുക്കുന്നതിന് സ്ഥിരം ലൈസൻസ് 21 ദിവസം, താൽക്കാലിക ലൈസൻസ് 7 ദിവസം | • ഗ്രാമപഞ്ചായത്ത്<br>• തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട രീതി | നിബന്ധനകൾ | അടവാക്കേണ്ട ഫീസ് | സമയ പരിധി | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 63. | സിനിമ റെഗുലേഷൻ ആക്ട് പ്രകാരം സിനിമാശാലകൾ തുടങ്ങുന്നതിന് പെർമിഷൻ | • നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (ചട്ടം 4, ഫോറം A)<br>• 100 മീറ്റർ റേഡിയസിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ആരോഗ്യ സ്ഥാപനങ്ങൾ എന്നിവ അടയാളപ്പെടുത്തിയ സൈറ്റ് പ്ലാൻ<br>• സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>• അപേക്ഷകൻ സ്ഥലമുടമയല്ലെങ്കിൽ സ്ഥലമുടമയുടെ സമ്മതപത്രം<br>• പി.ഡബ്ല്യു.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നുള്ള സ്ട്രക്ചറൽ സൗണ്ട്നസ് സർട്ടിഫിക്കറ്റിന് വേണ്ട സ്ട്രക്ചറൽ ഡിസൈൻ രേഖ<br>• ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്നുള്ള ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റിന് വേണ്ടി ഇലക്ട്രിക്കൽ വയറിംഗ് പ്ലാൻ സംബന്ധിച്ച രേഖ<br>• സ്നിറ്റേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ഹെൽത്ത് ഓഫീസർക്ക് അയക്കേണ്ടതായ സാനിറ്റേഷൻ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ പ്ലാൻ<br>• നിശ്ചിത ഫീസ് അടച്ച രശീതി<br>• എയർകണ്ടീഷൻ / ബഹുനില / മൾട്ടിപ്ലക്സ് തിയ്യേറ്ററാണെങ്കിൽ ഫയർ ഓഫീസറുടെ സാക്ഷ്യപത്രത്തിന് ആവശ്യമായ രേഖകൾ | • അപേക്ഷകന് 18 വയസ്സ് പൂർത്തിയായിരിക്കണം.<br>• കെ.പി.ബി.ആർ. അനുസരിച്ചുള്ള നിബന്ധനകൾകൂടി പാലിച്ചിരിക്കണം.<br>• പെർമിഷൻ ഡ്യൂപ്ലിക്കേറ്റ് കോപ്പിക്ക് - 25 രൂപ | 1000 രൂപ (പെർമനന്റ്) - വാർഷികം 250 രൂപ (താൽക്കാലികം) | 15 ദിവസത്തിനുള്ളിൽ വിവിധ ഉദ്യോഗസ്ഥർക്ക് അയക്കണം. 30 ദിവസത്തിനുള്ളിൽ അവരുടെ റിപ്പോർട്ട് ലഭിക്കണം. റിപ്പോർട്ട് ലഭിച്ച് 30 ദിവസത്തിനകം തദ്ദേശ സ്വയംഭരണ സ്ഥാപനം തീരുമാനമെടുക്കണം. ഒഴ്ച്ചക്കകം അപേക്ഷകനെ അറിയിക്കണം. അനുമതി നൽകേണ്ടത് ലോക്കൽ അതോറിറ്റി (ഗ്രാമപഞ്ചായത്ത്) | അപ്പീൽ അധികാരി ആർ.ഡി.ഒ ഡിവിഷൻ അതോറിറ്റി ജില്ലാകളക്ടർ |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട രീതി | നിബന്ധനകൾ | അടവാക്കേണ്ട ഫീസ് | സമയ പരിധി | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 64. | സിനിമാ റെഗുലേഷൻ ആക്ട് പ്രകാരം സിനിമാശാലകൾ പ്രവർത്തിപ്പിക്കുന്നതിനുള്ള ലൈസൻസ് | • നിശ്ചിത ഫോറത്തിൽ 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ<br>• സ്ട്രക്ചറൽ സൗണ്ട്നസ് സർട്ടിഫിക്കറ്റ് (ഫോറം സി)<br>• ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്നുമുള്ള ഫോറം ഡിയിലുള്ള സർട്ടിഫിക്കറ്റ്<br>• മെഡിക്കൽ ഓഫീസറിൽ നിന്നുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ്<br>• മൾട്ടിപ്പിൾ/മൾട്ട് സ്റ്റോറി/എയർകണ്ടീഷന്റ് തീയേറ്ററുകളുടെ കാര്യത്തിൽ ഡിവിഷണൽ ഫയർ ഓഫീസറുടെ സർട്ടിഫിക്കറ്റ്<br>• കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ അനുസരിച്ച ഒക്യുപെൻസി സർട്ടിഫിക്കറ്റ്<br>• ഫിലിംസ് ഡിവിഷൻ സർട്ടിഫിക്കറ്റ്<br>• ഫീസടച്ച രശീതി | | ഒരു വർഷത്തേക്ക് ലൈസൻസ് ഫീ - 1000 രൂപ | ആവശ്യമായ എല്ലാ സർട്ടിഫിക്കറ്റുകളും അടങ്ങിയ അപേക്ഷ ലഭിച്ച് 14 ദിവസത്തിനകം | ഭരണ സമിതി |
| 65. | ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ | • നിശ്ചിത ഫോറത്തിലുള്ള 5 രൂപ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച അപേക്ഷ (ചട്ടം 3, ഫോറം 2)<br>• സ്ഥലത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>• അപേക്ഷകൻ കെട്ടിട ഉടമ അല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം<br>• ഒക്യുപെൻസി സർട്ടിഫിക്കറ്റ് പകർപ്പ് | | • രജിസ്ട്രേഷൻ ഫീസ് - 200 രൂപ<br>• പുതുക്കുന്നതിന് - 50 രൂപ<br>• ഡ്യൂപ്ലിക്കേറ്റിന് - 50 രൂപ | 15 ദിവസം | ഭരണ സമിതി |
| 66. | സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയുടെ രജിസ്ട്രേഷൻ | • നിശ്ചിത ഫോറത്തിലുള്ള 5 രൂപ കോർട്ട് ഫീ പതിച്ച അപേക്ഷ (ചട്ടം 3, ഫോറം 1)<br>• കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ<br>• അപേക്ഷകൻ കെട്ടിട ഉടമ അല്ലെങ്കിൽ ഉടമയുടെ സമ്മതപത്രം<br>• കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടമനുസരിച്ച് ആവശ്യമായ സംഗതികളിൽ ഒക്യുപെൻസി സർട്ടിഫിക്കറ്റ്<br>• പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും സർട്ടിഫിക്കറ്റ് | • രജിസ്ട്രേഷനു പുറമെ IFTE & OS അനുസരിച്ചുള്ള ലൈസൻസും കൂടെ എടുത്തിരിക്കേണ്ടതാണ്.<br>• രജിസ്ട്രേഷൻ നടത്താത്ത സ്ഥാപനങ്ങളുടെ പേരിൽ 5000 രൂപ വരെ പിഴ ചുമത്തുന്നതിന് നടപടി സ്വീകരിക്കാവുന്നതാണ്. | • രജിസ്ട്രേഷൻ ഫീ - 200 രൂപ<br>• പുതുക്കുന്നതിന് - 100 രൂപ | 15 ദിവസം | • പഞ്ചായത്ത് ഭരണ സമിതി<br>• തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട രീതി | നിബന്ധനകൾ | അടവാക്കേണ്ട ഫീസ് | സമയ പരിധി | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 67. | തൊഴിൽ കാർഡ് ലഭിക്കലും തൊഴിൽ നൽകലും (MGNREGS) | • വെള്ളക്കടലാസിൽ എഴുതിയ അപേക്ഷ<br>• റേഷൻകാർഡ്<br>• കുടുംബാംഗങ്ങളുടെ ഫോട്ടോകൾ | | ആവശ്യമില്ല | 15 ദിവസം | • പഞ്ചായത്ത്തല ഉപദേശക സമിതി<br>• ബ്ലോക്ക് പ്രോഗ്രാം ഓഫീസർ<br>• ജില്ലാ പ്രോഗ്രാം കോർഡിനേറ്റർ (ജില്ലാ കളക്ടർ) |
| **പ്രസിഡന്റ് നൽകുന്ന സാക്ഷ്യപത്രങ്ങൾ** | | | | | | |
| 1. | സ്വഭാവ സർട്ടിഫിക്കറ്റ് | വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടുകൂടി ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ സമീപിക്കുക | | ആവശ്യമില്ല | തത്സമയം | |
| 2. | റേഷൻ കാർഡിൽ പേരുൾപ്പെടുത്തുന്നതിനു പുതിയ കാർഡിനപേക്ഷിക്കുന്നതിനുമുള്ള സർട്ടിഫിക്കറ്റ് | വെള്ളകടലാസിൽ എഴുതിയ അപേക്ഷ വാർഡുമെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പ് ബന്ധപ്പെട്ട റേഷൻകാർഡുകൾ എന്നിവ സഹിതം ഓഫീസ് സമയങ്ങളിൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക | | ആവശ്യമില്ല | തത്സമയം | |
| 3. | പേരിലോ വീട്ടുപേരിലോ മാറ്റം വന്നവർക്കുള്ള തിരിച്ചറിയൽ സർട്ടിഫിക്കറ്റ് | പെൻഷൻകാർ നേരിട്ടോ അടുത്ത ബന്ധുക്കളെ അധികാരപ്പെടുത്തിയോ പെൻഷൻ പെയ്മെന്റ് ഓർഡർ സഹിതം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | | ആവശ്യമില്ല | തത്സമയം | |
| 4. | ലൈഫ് സർട്ടിഫിക്കറ്റ് | പെൻഷൻകാർ നേരിട്ടോ അടുത്ത ബന്ധുക്കളെ അധികാരപ്പെടുത്തിയോ പെൻഷൻ പെയ്മെന്റ് ഓർഡർ സഹിതം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | | ആവശ്യമില്ല | തത്സമയം | |
| 5. | രജിസ്റ്റർ ചെയ്യാത്ത കേസിൽ മരണം സംബന്ധിച്ച സർട്ടിഫിക്കറ്റ് | വെള്ളകടലാസിൽ എഴുതിയ അപേക്ഷ വാർഡ് മെമ്പറുടെ പരിചയപ്പെടുത്തൽ കുറിപ്പോടുകൂടി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ ഓഫീസ് സമയത്ത് സമീപിക്കുക. | | ആവശ്യമില്ല | തത്സമയം | |
| 6. | പിൻ തുടർച്ചാവകാശ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പിൻതുടർച്ചാവകാശം തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളകടലാസിൽ തയ്യാറാക്കിയ അപേക്ഷയും വാർഡ്മെമ്പറുടെ ശുപാർശയും വാർഡ് മെമ്പറുടെ ശുപാർശ കുറിപ്പ് സഹിതം ഗ്രാമപഞ്ചായത്ത പ്രസിഡണ്ടിന് നൽകുക. | | ആവശ്യമില്ല | തത്സമയം | |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട രീതി | നിബന്ധനകൾ | അടവാക്കേണ്ട ഫീസ് | സമയ പരിധി | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 7. | സ്റ്റേറ്റ്മെന്റും പ്രസ്താവനകളും സത്യം ബോധ്യപ്പെടുത്തൽ | ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിച്ച് പ്രസിഡണ്ട് മുൻപാകെ ഒപ്പിടുക. | | ആവശ്യമില്ല | തത്സമയം | |
| 8. | ഭവന നിർമ്മാണ ബോർഡിലും മറ്റും ഹാജരാക്കുന്നതിന് സബ്സിഡിക്ക് അർഹതയുണ്ടെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് | റേഷൻകാർഡ് സഹിതം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിക്കുക. | | ആവശ്യമില്ല | തത്സമയം | |
| 9. | വിവിധ ക്ഷേമനിധി ബോർഡുകളിൽ ഹാജരാക്കുന്നതിനുള്ള കുടുംബ ബന്ധം സാക്ഷ്യപ്പെടുത്തി കൊണ്ടുള്ള സർട്ടിഫിക്കറ്റ്. | ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിനെ നേരിട്ട് സമീപിച്ച് പ്രസിഡണ്ട് മുമ്പാകെ ഒപ്പിടുക. | | ആവശ്യമില്ല | തത്സമയം | |
| 10. | പദ്ധതി ആനുകൂല്യം ജനകീയാസൂത്രണം | നിശ്ചിത അപേക്ഷ പഞ്ചായത്തിൽ നിന്നും സൗജന്യമായി വിതരണം ചെയ്യുന്നു. | ഓരോ ആനുകൂല്യത്തിനും നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച്. | ഇല്ല | അതാത് സാമ്പത്തിക വർഷം | അർഹരായ ഗുണഭോക്താക്കൾക്ക് മാത്രം |
| **കൃഷിവകുപ്പ് മുഖാന്തിരം ലഭിക്കുന്ന ആനുകൂല്യങ്ങൾ** | | | | | | |
| 1. | വിവധ കാർഷിക വിളകളുടെ ശാസ്ത്രീയ കൃഷി രീതികൾ സംബന്ധിച്ച വിവരം | ആഫീസ് സമയങ്ങളിൽ കൃഷിഭവനിൽ ബന്ധപ്പെടുക. അല്ലെങ്കിൽ അഗ്രോ ക്ലീനിക്കുകളിൽ നിശ്ചിത ദിവസങ്ങളിൽ ബന്ധപ്പെടുക | | ഇല്ല | തത്സമയം | |
| 2. | കാർഷിക വിളകളുടെ കീടരോഗ പരിശോധന നിയന്ത്രണ മാർഗ്ഗങ്ങളുടെ ശുപാർശ. | ആഫീസ് സമയങ്ങളിൽ കൃഷിഭവനിൽ ബന്ധപ്പെടുക.അല്ലെങ്കിൽ അഗ്രോ ക്ലീനിക്കുകളിൽ നിശ്ചിത ദിവസങ്ങളിൽ ബന്ധപ്പെടുക. | | ഇല്ല | തത്സമയം | |
| 3. | ശാസ്ത്രീയ കൃഷിരീതി സംബന്ധിച്ച പഠനം റഫറൻസ് | കൃഷിഭവനിൽ പ്രവർത്തിക്കുന്ന ഇൻഫോർമേഷൻ സെന്ററിൽ ഓഫീസ് സമയത്ത് ബന്ധപ്പെടുക | | ഇല്ല | തത്സമയം | |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട രീതി | നിബന്ധനകൾ | അടവാക്കേണ്ട ഫീസ് | സമയ പരിധി | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 4. | മണ്ണു പരിശോധന- അനുസരണമായ വിള പരിപാലന ശുപാർശ | നിർദ്ദേശാനുസരണം ശേഖരിച്ച മണ്ണു സാമ്പിൾ, കൃഷിയിടത്തിന്റെ വിവരം, കൃഷിക്കാരന്റെ ശരിയായ മേൽവിലാസം എന്നിവ കൃഷിഭവനിൽ ഏൽപ്പിക്കുക. | | ഇല്ല | 1 മാസം | |
| 5. | സഞ്ചരിക്കുന്ന മണ്ണു പരിശോധന യൂണിറ്റിന്റെ സേവനം | ചുരുങ്ങിയത് 50 സാമ്പിളുകളിൽ കുറയാതെ പരിശോധിക്കേണ്ടി വരുമ്പോൾ കൃഷിഭവനുമായി ബന്ധപ്പെടുക. | | ഇല്ല | 1 ആഴ്ച | |
| 6. | അടിയന്തിര മണ്ണു പരിശോധന ഫലം ലഭിക്കാൻ തൃശ്ശൂർ സോയിൽ ടെസ്റ്റിങ്ങ് ലെബോറട്ടറിയിലേക്കുള്ള കൃഷി ഓഫീസറുടെ ശുപാർശ | നിർദ്ദേശാനുസരണം ശേഖരിച്ച മണ്ണ് സാമ്പിൾ , കൃഷിയിടത്തിന്റെ വിവരണം,വിള വിവരം,കൃഷിക്കാരന്റെ മേൽവിലാസം എന്നിവ സഹിതം ഓഫീസ് സമയങ്ങളിൽ കൃഷിഭവനിൽ ബന്ധപ്പെടുക. | | ഇല്ല | തത്സമയം | |
| 7. | പ്രകൃതി ക്ഷോഭം മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള നഷ്ടപരിഹാരം | നഷ്ടം സംഭവിച്ച് 10 ദിവസങ്ങൾക്കുള്ളിൽ നിർദ്ദിഷ്ട ഫോറത്തിൽ 2 കോപ്പി അപേക്ഷ വെയ്ക്കണം ഫോറത്തിന്റെ സാമ്പിൾ കൃഷി ഭവനിൽ ലഭ്യമാണ്. | | ഇല്ല | 10 ദിവസത്തിനുള്ളിൽ നഷ്ടം തിട്ടപ്പെടുത്തി ശുപാർശ ചെയ്യും | |
| 8. | കാർഷിക ആവശ്യത്തിന് വൈദ്യുതി ലഭിക്കുന്നതിനുള്ള മുൻഗണനാ സർട്ടിഫിക്കറ്റ് | നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷയും ഭൂമിയുടെ കൈവശ സർട്ടിഫിക്കറ്റും കൃഷി ഭവനിൽ സമർപ്പിക്കണം. (30 സെന്റ് കൃഷി ഭൂമി വേണം) | | ഇല്ല | 2 ദിവസം (സ്ഥല സന്ദർശന ശേഷം) | |
| 9. | നെൽകൃഷിക്കുള്ള ഉൽപാദന ബോണസ് | പാടശേഖരസമിതികൾ മുഖേന നിശ്ചിത ഫോറത്തിൽ ഓരോ വിളക്കും അപേക്ഷ സമർപ്പിക്കണം. | | ഇല്ല | ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് | |
| 10. | അത്യുൽപാദന ശേഷിയുള്ള വിത്തുകളും നടീൽ വസ്തുക്കളും വിതരണം | വിളവിറക്കുന്നതിനു മുമ്പായി കൃഷിഭവനുമായി ബന്ധപ്പെടുക. | | കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വില | ലഭ്യതയനുസരിച്ച് | |
| 11. | കാർഷികാവശ്യത്തിന് വൈദ്യുതി സൗജന്യം | നിശ്ചിതഫോറത്തിലുള്ള അപേക്ഷ 30 സെന്റ് ഭൂമിക്കുള്ള നികുതി റസീറ്റ്, കൺസ്യൂമർ കാർഡ് ഇവ കൃഷിഭവനിൽ സമർപ്പിക്കണം | | ഇല്ല | 10 ദിവസം | |
| 12. | ജലസേചനത്തിന് പമ്പ് സെറ്റ് പ്രവർത്തിപ്പിക്കുന്നതിന് മണ്ണെണ്ണ പെർമിറ്റിനുള്ള ശുപാർശ | നിശ്ചിത ഫോറത്തിനുള്ള അപേക്ഷ- 2 കോപ്പി, പഴയ പെർമിറ്റ്, നികുതി റസീറ്റ് എന്നിവ കൃഷിഭവനിൽ സമർപ്പിക്കുക. | | ഇല്ല | ഡിസംബർ ജനുവരി മാസങ്ങളിൽ | |

| ക്ര. നം | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട രീതി | നിബന്ധനകൾ | അടവാക്കേണ്ട ഫീസ് | സമയ പരിധി | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 13. | നെല്ലു സംഭരണത്തിനുള്ള ശുപാർശ | പാടശേഖരം മുഖേന നിശ്ചിത ഫോറത്തിലുള്ള അപേക്ഷ കൃഷി ഭവനിൽ സമർപ്പിക്കുക. | | ഇല്ല | തത്സമയം | |
| 14. | വിത്ത് ഗുണ പരിശോധന (സീഡ് ടെസ്റ്റിങ്ങ് ലബോറട്ടറി, ആലപ്പുഴ മുഖേന) | നിർദ്ദേശാനുസരണം ശേഖരിച്ച വിത്ത് സാമ്പിൾ 500ഗ്രാം കൃഷിഭവനിൽ സമർപ്പിക്കുക. | | ഇല്ല | 30 ദിവസം | |
| 15. | രാസവളം, കീടനാശിനി വിൽപന നടത്തുന്നതിനുള്ള ലൈസൻസ് നൽകലും പുതുക്കലും | നിശ്ചിത ഫോറത്തിനുള്ള അപേക്ഷ പ്രിൻസിപ്പൽ സർട്ടിഫിക്കറ്റ്, ചലാൻ, പഞ്ചായത്തിൽ നിന്നും NOC എന്നിവ | | രാസവളം - 25/- കീടനാശിനി300/- | 15 ദിവസം | |
| 16. | ചെറുകിട, പരിമിത, വൻകിട, കൃഷിക്കാരനാണെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് | വെള്ളകടലാസിൽ എഴുതിയ അപേക്ഷ കൈവശഭൂമിയുടെ വിവരം കാണിക്കുന്ന രേഖ സഹിതം കൃഷി ഭവനിൽ ബന്ധപ്പെടുക. | | ഇല്ല | 5 ദിവസം | |
| 17. | കാർഷിക യന്ത്രോപകരണങ്ങളുടെയും സസ്യസംരക്ഷണ ഉപകരണങ്ങളുടെയും വിതരണം, സ്റ്റോക്കുള്ള സ്പ്രേയർ, പവർ സ്പ്രേയർ, മെതിയന്ത്രം എന്നിവ | നിശ്ചിത ഫോറത്തിലുള്ള അപേക്ഷ കൃഷിഭവനിൽ സമർപ്പിക്കണം. | | അതാതിന് നിശ്ചയിച്ച വാടക | തത്സമയം | |
| **മൃഗാശുപത്രി** | | | | | | |
| 1. | മൃഗങ്ങൾക്കും പക്ഷികൾക്കും രോഗനിർണ്ണയവും ചികിത്സയും ശസ്ത്രക്രിയകളും | പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 1 മണി വരെയും 2 മുതൽ 3 മണി വരെയും അവധി ദിവസങ്ങളിൽ കാലത്ത് 9 മുതൽ 1 മണിവരെയും, ഞായർ കാലത്ത് 9 മണി മുതൽ 12 മണിവരെയും ഡോക്ടറെ സമീപിക്കുക. | | വളർത്തുനായയുടെ ചികിത്സക്ക് 5 രൂപ | തത്സമയം | |
| 2. | പകർച്ചവ്യാധികൾക്കെതിരെ രോഗപ്രതിരോധ കുത്തിവയ്പ്പ് | പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 1 മണി വരെയും 2 മുതൽ 3 മണി വരെയും അവധി ദിവസങ്ങളിൽ കാലത്ത് 9 മുതൽ 1 മണിവരെയും ,ഞായർ കാലത്ത് 9 മണി മുതൽ 12 മണിവരെയും ഡോക്ടറെ സമീപിക്കുക. | | കുളമ്പുരോഗം കുത്തിവെപ്പ് 5 രൂപ നിരക്കിൽ 6 മാസം കൂടുമ്പോൾ ക്യാമ്പ് സംഘടിപ്പിച്ച് നടത്തുന്നു. | തത്സമയം | |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട രീതി | നിബന്ധനകൾ | അടവാക്കേണ്ട ഫീസ് | സമയ പരിധി | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 3. | കന്നുകാലികളുടെ ഗർഭപരിശോധനയും വന്ധ്യതാനിവാരണ ചികിത്സയും | പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 9 മണി മുതൽ 1 മണി വരെയും 2 മുതൽ 3 മണി വരെയും അവധി ദിവസങ്ങളിൽ കാലത്ത് 9 മുതൽ 1 മണിവരെയും, ഞായർ കാലത്ത് 9 മണി മുതൽ 12 മണിവരെയും ഡോക്ടറെ സമീപിക്കുക. | | ഇല്ല | തത്സമയം | |
| 4. | വളർത്തുനായ്ക്കളിൽ പേവിഷബാധയ്ക്കെതിരെ കുത്തി വയ്പ് നടത്തി സർട്ടിഫിക്കറ്റ് നൽകൽ | പേവിഷ പ്രതിരോധ മരുന്ന്ഡോക്ടറുടെ നിർദ്ദേശപ്രകാരം ഗുണഭോക്താവ് ലഭ്യമാക്കണം | | വളർത്തുനായ്ക്കളുടെ പ്രതിരോധ കുത്തിവയ്പിന് 5 രൂപ | തത്സമയം | |
| 5. | വളർത്തു മൃഗങ്ങൾക്ക് ഇൻഷുറൻസ് സംരക്ഷണം നൽകൽ | 1.ഡ്യൂട്ടി സമയത്ത് ഡോക്ടറെ സമീപിക്കുക<br>2.ഇൻഷുറൻസ് പ്രീമിയം നിർദ്ദേശാനുസ്സരണം ഗുണഭോക്താവ് അടയ്ക്കേണ്ടതാണ് | | പ്രീമിയത്തിന്റെ 50% ഗുണഭോക്താവ് നൽകണം | തത്സമയം | |
| 6. | കൃത്രിമ ബീജസങ്കലനം | മദി ലക്ഷണം തുടങ്ങി 12 മണിക്കൂറിനുള്ളിൽ ഉരുക്കളെ ആശുപത്രിയിലെത്തിക്കുക | | ഇല്ല | തത്സമയം | |
| 7. | ജനകീയാസൂത്രണം പദ്ധതി വഴി മൃഗസംരക്ഷണമേഖലയിലെ പദ്ധതികളുടെ നിർവ്വഹണം | നബാർഡ് നിർദ്ദേശിക്കുന്ന സബ്സിഡി നിരക്കുകൾ പാലിക്കണം.ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കണം | | | | |
| 8. | ബോധവൽക്കരണ പ്രവർത്തനങ്ങൾ | പഞ്ചായത്ത്,മൃഗസംരക്ഷണ വകുപ്പ്, ക്ഷീരസംഘങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നു | | | | |
| **കൃത്രിമബീജദാന ഉപകേന്ദ്രങ്ങൾ (1) തയ്യൂർ (2) പുലിയന്നൂർ** | | | | | | |
| 1. | കൃത്രിമബീജ സങ്കലനം | ഉരുക്കളെ മദിലക്ഷണം തുടങ്ങി 12 മണിക്കൂറിനുള്ളിൽ ഉപകേന്ദ്രത്തിൽ എത്തിക്കുക | | ഇല്ല | തത്സമയം | |
| 2 | കന്നുകാലികളുടെ ഗർഭപരിശോധന | കൃത്രിമ ബീജസങ്കലനം നടത്തി 90 ാം ദിവസം പരിശോധന നടത്തി ഗർഭധാരണം ഉറപ്പു വരുത്തുക | | ഇല്ല | തത്സമയം | |
| 3. | രോഗപ്രതിരോധ കുത്തിവയ്പ് | കന്നുകാലികളെ ബാധിക്കുന്ന പകർച്ചവ്യാധികൾക്ക് എതിരായ കുത്തിവയ്പ് | | കുളമ്പുരോഗം കുത്തിവെപ്പ് 5 രൂപ നിരക്കിൽ 6 മാസം കൂടുമ്പോൾ ക്യാമ്പ് സംഘടിപ്പിച്ച് നടത്തുന്നു. | ഡ്യൂട്ടി സമയത്ത് ഉപകേന്ദ്രങ്ങളിലും ക്യാമ്പുകളിലും | |

| ക്രമ നമ്പർ | സേവനങ്ങളുടെ വിവരം | അപേക്ഷിക്കേണ്ട രീതി | നിബന്ധനകൾ | അടവാക്കേണ്ട ഫീസ് | സമയ പരിധി | മറ്റു കാര്യങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 4. | കന്നുകാലികൾക്കുള്ള കൃത്രിമ ബീജ ധാനവും, ചെന പരിശോധിക്കലും | ഡ്യൂട്ടി സമയത്ത് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ട്ടറെ നേരിൽ സമീപിക്കുക | | ഇല്ല | തത്സമയം | |
| 5. | കാളകളുടെ വരിയുടക്കൽ | ഡ്യൂട്ടി സമയത്ത് ലൈവ് സ്റ്റോക്ക് ഇൻസ്പെക്ട്ടറെ നേരിൽ സമീപിക്കുക | | ഇല്ല | തത്സമയം | |
| **പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകൾ മുഖേന കൊടുക്കുന്ന ആനുകൂല്യങ്ങൾ** | | | | | | |
| 1. | ആശ്രയമരുന്ന് ഭക്ഷണം വസ്ത്രം കിണർ വിദ്യാഭ്യാസം സ്വയം തൊഴിൽ പാർപ്പിടം ഭൂമി വീടുറിപ്പയർ | | | | | |
| 2. | ബാലസഭ - ബോധവത്കരണക്ലാസ്സ് പഠനയാത്ര അവധിക്കാല ക്യാമ്പുകൾ | | | | | |
| 3. | കൃഷി - പാട്ട കൃഷി ലോൺ - പ്രൊഡക്ഷൻ ബോണസ് | | | | | |
| 4. | മാച്ചിങ്ങ് ഗ്രാന്റ് - ലോൺ എടുക്കുന്ന സംഘങ്ങൾക്ക് ബോണസ്സായി നൽകുന്നത്. | കുടുംബശ്രീ മെമ്പർ സെക്രട്ടറിയുടേയോ കുടുംബശ്രീ ചെയർപേഴ്സന്റെയോ കൈവശമോ വെള്ളക്കടലാസിൽ അപേക്ഷ നൽകണം | | ഇല്ല | ഗ്രേഡിംഗ് നടത്തി മുൻഗണന അനുസരിച്ച് | |
| 5. | റിവോൾവിംഗ് ഫണ്ട് - സംഘങ്ങൾക്ക് വരുമാനം വർദ്ധിപ്പിക്കുന്നതിന് | | | | | |
| 6. | കുടുംബശ്രീ അംഗങ്ങൾക്ക് സ്വയം തൊഴിൽ പരിശീലനം | | | | | |
| 7. | ജെന്റർ കോർണർ പ്രവർത്തനങ്ങൾ | | | | | |

## പെർമിറ്റ് ആവശ്യമില്ലാത്ത ജോലികൾ

കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ എന്ത് തന്നെ അടങ്ങിയിരുന്നാലും അഗ്നിസുരക്ഷ ആവശ്യകതകൾ, ഘടനാസ്ഥിരത, കെട്ടിടത്തിൻ്റെ പൊതു ആവശ്യകതകൾ എന്നിവയെ സംബന്ധിച്ചുള്ള ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കാത്ത താഴെ പറയുന്ന നിർമ്മാണ ങ്ങൾക്ക് കെട്ടിട നിർമ്മാണ പെർമിറ്റ് ആവശ്യമില്ലാത്തതാകുന്നു. അതായത് :-

1. ഒരു തെരുവിനോട് ചേർന്നുള്ളതല്ലാത്ത ചുറ്റുമതിൽ

2. നിലവിലുള്ള നിർമ്മാണ ക്ഷമതയെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ ജനാലകളോ കതകുകളോ, വെൻ്റിലേറ്ററുകളോ സ്ഥാപിക്കുകയോ നീക്കം ചെയ്യുകയോ ചെയ്യുന്നത്.

3. നിലവിലുള്ള നിർമ്മാണ ക്ഷമതയെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ പരസ്പര സമ്പർക്ക വാതിലുകൾ സ്ഥാപിക്കുന്നത്.

4. ഭാരം താങ്ങി നിൽക്കുന്നതായ ചുമരുകൾ ഒഴികെയുള്ള ഇടഭിത്തികളുടെ നിർമ്മാണമോ അല്ലെങ്കിൽ നീക്കം ചെയ്യലോ

5. ഏതെങ്കിലും സ്ഥിരമായ നിർമ്മാണങ്ങളൊഴിച്ച് കൊണ്ടുള്ള ഉദ്യാനം സ്ഥാപിക്കുന്നത്

6. വെള്ളനിറമോ അല്ലെങ്കിൽ വർണ്ണമോ പൂശുന്നത്

7. പെയിൻ്റ് ചെയ്യുന്നത്

8. നിലവിലുള്ള നിർമ്മാണ ക്ഷമതയെ പ്രതികൂലമായി ബാധിക്കാത്ത തരത്തിൽ കെട്ടിടത്തിനും പൊട്ടി പൊളിഞ്ഞ മേൽക്കൂരയ്ക്കും വേണ്ടി വരുന്ന ചില്ലറ അറ്റകുറ്റപ്പണികൾക്ക്

9. കേടുപാടുകൾ തീർക്കലും തേച്ചു പിടിപ്പിക്കലും

10. ഘടനാ വ്യതിയാനം വരുത്താതെയുള്ള ആന്തരിക അലങ്കാരങ്ങൾ ചെയ്യുന്നതിന്

11. ഫ്ളോട്ടിനുള്ളിൽ തന്നെ കെട്ടിടത്തിൻ്റെ അല്ലെങ്കിൽ നിർമ്മാണത്തിൻ്റെ സ്ഥാനം മാറ്റുന്നത്.

12. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 235 പി. വകുപ്പിൽ പ്രതിപാദിക്കുന്ന റോഡുക ളോട് അടുത്ത് സ്ഥിതിചെയ്യുന്ന കുടിലുകൾ ഒഴികെയുള്ള കുടിലുകൾ

13. നിലകൾ രണ്ട് വരെ എന്ന് പരിമിതപ്പെടുത്തിയതും പ്ളോട്ടിനുള്ളിലെ നിലവിലുള്ളതും നിർദ്ദിഷ്ടമായതും അടക്കം എല്ലാ നിലകളിലെയും ആകെ നിർമ്മിത വിസ്തീർണ്ണം 100 ചാമീറ്റർ വരെയുള്ളതും ആയ കാറ്റഗറി II ഗ്രാമപഞ്ചായത്തുകളിലെ ഗണം A1 പാർപ്പിട വിനിയോഗത്തിൻകീഴിലെ ഏക കുടുംബ പാർപ്പിട കെട്ടിടങ്ങൾ

എന്നാൽ മേൽപറഞ്ഞ (1, 12, 13) എന്നീ ഇനപ്രകാരമുള്ള നിർമ്മാണ സ്വഭാവം വിലയിരുത്തുന്നതിന് സെക്രട്ടറിയെ പ്രാപ്തനാക്കുന്നതിന് നിർമ്മാണത്തിൻ്റെ നിലവിലുള്ള അവസ്ഥ പൂർണ്ണമായും വിശദാംശങ്ങളോടെ നിർമ്മാണം

ആരംഭിക്കുന്നതിന് കുറഞ്ഞത് 10 ദിവസം മുമ്പായി സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. സെക്രട്ടറിയ്ക്ക് എന്തെങ്കിലും പരാ തിയുണ്ടെങ്കിൽ അത് 10 ദിവസത്തിനുള്ളിൽ അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

## പഞ്ചായത്തിനു ലഭിക്കേണ്ട വിവിധ നികുതികളും യഥാസമയം അടയ്ക്കാതിരുന്നാലുണ്ടാകുന്ന പിഴപ്പലിശയും സംബന്ധിച്ച വിവരങ്ങൾ

| നികുതി ഇനം | | പിഴപലിശ തിയ്യതി |
|---|---|---|
| ഒന്നാം അർദ്ധവർഷത്തെ തൊഴിൽ നികുതി (തൊഴിൽ ഉടമ/ഓഫീസ് മേധാവി വഴിയുള്ളത്) | – | സെപ്തംബർ മുതൽ |
| രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി (തൊഴിൽ ഉടമ/ഓഫീസ് മേധാവി വഴിയുള്ളത) | – | മാർച്ച് 1 മുതൽ |
| ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽ നികുതി (ഇടപാട് നടത്തുന്നവരിൽനിന്നും) | – | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ള തിയ്യതിക്കുശേഷം |
| മുഴുവൻ വസ്തു നികുതി (കെട്ടിടനികുതി) | – | ഒക്ടോബർ 1 മുതൽ |
| ഇതര നികുതികൾ | – | ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ള തിയ്യതിക്കുശേഷം |

പഞ്ചായത്താതിർക്കുള്ളിൽ വ്യാപാര വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന മുഴുവൻ വ്യക്തികളും സ്ഥാപനങ്ങളും ഓരോ വർഷവും പഞ്ചായത്ത് ലൈസൻസ് എടുക്കേണ്ടതാണ്. സാമ്പത്തികവർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് അപേക്ഷ നൽകണം.

## പ്രത്യേക ശ്രദ്ധയ്ക്ക്

1. പഞ്ചായത്തിൽ നിന്നും ലഭിക്കേണ്ട സർട്ടിഫിക്കറ്റുകൾ ആവശ്യമുള്ളവർ പഞ്ചാ യത്തിൽ അപേക്ഷ നൽകുമ്പോൾ നികുതി കുടിശ്ശികകളും തന്നാണ്ട് നികു തിയും അടച്ച രസീത് ഹാജരാക്കിയിരിക്കണം.

2. പഞ്ചായത്തിലേക്കും അനുബന്ധ സ്ഥാപനങ്ങളിലേയ്ക്കും സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിലും വാർഡ് വീട്ടുനമ്പറും രേഖപ്പെടുത്തിയിരിക്കണം.

3. പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിലുള്ളവർ അപേക്ഷ സമർപ്പിക്കുമ്പോൾ സ്റ്റാമ്പ് പതിപ്പിക്കേണ്ടതില്ല. പകരം അവരുടെ ജാതി വിവരം അപേക്ഷയിൽ കാണിക്കണം. ഈ പൊതുനിയമം ജനന-മരണ സർട്ടിഫിക്കറ്റും, വിവാഹസർട്ടി ഫിക്കറ്റും, ലൈസൻസ് അപേക്ഷകളും ലഭിക്കുന്നതിന് ബാധകമല്ല.

4. പഞ്ചായത്ത് പ്രസിഡൻ്റിന് സമർപ്പിക്കുന്ന അപേക്ഷകളിൽ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കേണ്ടതില്ല. പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുന്ന അപേക്ഷയിൽ 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിപ്പിക്കേണ്ടതാണ്.

5. ഈ പൗരാവകാശ രേഖയിൽ പറഞ്ഞിരിക്കുന്ന സേവനങ്ങൾ പ്രവൃത്തി ദിവസ ങ്ങളിൽ ഫ്രണ്ട് ഓഫീസ് വഴി മാത്രമേ ലഭ്യമാകുകയുള്ളൂ.

6. കമ്പ്യൂട്ടർ വഴി നൽകുന്ന സേവനങ്ങൾ കമ്പ്യൂട്ടർ പ്രവർത്തന സജ്ജമല്ലെങ്കിൽ കാലതാമസം ഉണ്ടായേക്കാം.

7. വിവിധങ്ങളായ ആരോഗ്യപ്രശ്നങ്ങൾക്ക് ഹെൽത്ത് വളണ്ടിയർമാരുടെയും ആശാ വളണ്ടിയർമാരുടെയും സേവനം തേടുക.

8. വ്യക്തിഗത ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി വ്യക്തിഗത ആനുകൂല്യ ങ്ങൾക്കായുള്ള അപേക്ഷ ഫോറം പൂരിപ്പിച്ച് നൽകി ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെ ട്ടിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതല്ല.

9.പഞ്ചായത്തിൽ അടവാക്കേണ്ട എല്ലാ നികുതികളും അടവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## പൗരന്റെ ചുമതലകളും കർത്തവ്യങ്ങളും

1. നികുതികൾ യഥാസമയം തന്നെ അടക്കുക. പിഴപലിശ, ജപ്തി, പ്രോസിക്യൂഷൻ എന്നിവ ഒഴി വാക്കുക

2. പുതിയ കെട്ടിടം നിർമ്മിക്കുമ്പോൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുശാസി ക്കുന്ന പ്രകാരം അംഗീകരിച്ച പ്ലാനിനും പെർമിറ്റിനും വിധേയമായി മാത്രം പണി ചെയ്യുക

3. കെട്ടിടം പുതുതായി നിർമ്മിക്കുകയോ നിലവിലുള്ളവ പുതുക്കി പണിയുകയോ ചെയ്താൽ പണി പൂർത്തിയായാൽ ഉടൻ തന്നെ പഞ്ചായത്തിൽ വിവരം അറിയിക്കുകയും നികുതി നിർണ്ണയം /പുനർനിർണ്ണയം നടത്തുകയും ചെയ്യുക.

4. പൊതു സ്ഥലങ്ങൾ, റോഡുകൾ എന്നിവ വൃത്തിയായി സൂക്ഷിക്കുവാൻ സഹകരിക്കുക. ആവ ശ്യമില്ലാത്ത സാധനങ്ങൾ പൊതുവഴിയിലും, പൊതുസ്ഥലങ്ങളിലും വലിച്ചെറിയുന്ന ശീലം മതി യാക്കുക. ഇവ പൊതുജനങ്ങൾക്ക് ഉപദ്രവമില്ലാത്ത വിധം നിക്ഷേപിക്കുക. വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പാലിക്കുക. മാലിന്യങ്ങൾ വലിച്ചെറിയുന്നത് കുറ്റകരവും ശിക്ഷാർഹവുമാ

5. പൊതുസ്ഥലങ്ങളിൽ പുകവലിക്കുന്നതും മദ്യം കഴിക്കുന്നതും ഉപേക്ഷിക്കുക. അപ്രകാരം ചെയ്യു ന്നവരെ നിരുത്സാഹപ്പെടുത്തുക. നിശ്ചിത മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക്കുകൾ ബഹിഷ്ക രിക്കുക.

6. പാൻപരാഗ്, ഹാൻസ് തുടങ്ങിയ പേരുകളിൽ വിൽക്കപ്പെടുന്ന ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കളുടെ ഉപയോഗം ഉപേക്ഷിക്കുക.

7. ഹോട്ടലുകൾ, പഴക്കടകൾ, മറ്റ് സ്ഥാപനങ്ങൾ, പൗൾട്രിഫാം എന്നിവയുടെ അവശിഷ്ടം സ്വന്തം നിലകളിൽ സംസ്ക്കരിക്കുക.

8. വളർത്ത് മൃഗങ്ങൾ, കോഴി, താറാവ് എന്നിവയും പൊതു സ്ഥലങ്ങളിലും കൃഷിയിടങ്ങളിലും അലഞ്ഞ് തിരിയുവാൻ അനുവദിക്കരുത്. പരിസരവാസികൾക്ക് ഇവ മൂലം ശല്യമുണ്ടാകാതിരി ക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

9. വ്യാജവാറ്റ് പോലുള്ള സാമൂഹ്യതിന്മകൾ അവസാനിപ്പിക്കുകയും അവ ചെയ്യുന്നവരെ നിരുത്സാ ഹപ്പെടുത്തുകയും അധികാര സ്ഥാപനങ്ങളിൽ വിവരമറിയിക്കുകയും ചെയ്യുക. ലൈസൻസ് കൂടാതെയോ ലൈസൻസിന് വിരുദ്ധമായോ ഒരു സ്ഥാപനവും നടത്താതിരിക്കുക.

10. പൊതുവായ കുടിവെള്ള സ്രോതസ്സുകൾ മലിനമാകാതെ ശ്രദ്ധിക്കണം

11. ഗ്രാമസഭാ യോഗങ്ങളിൽ പങ്കെടുക്കുകയും നാടിൻ്റെ വികസനത്തിന് പങ്കാളിയാകുകയും ചെയ്യുക

12. അയൽക്കൂട്ടങ്ങളുടെ രൂപീകരണത്തിന് താല്പര്യം കാണിക്കുകയും അവയെ ശക്തിപ്പെടുത്താനും നിലനിർത്താനും പരിശ്രമിക്കുകയും ചെയ്യുക.

13. സ്വന്തം പറമ്പിലെ മരമോ അതിൻ്റെ കൊമ്പുകളോ അന്യൻ്റെ കെട്ടിടത്തിന് ഭീഷണിയായി നിൽക്കു കയോ അവരുടെ കൃഷിയ്ക്ക് ദോഷകരമായി നൽകുകയോ, അവരുടെ കുടിവെള്ള സ്രോതസ്സിന് മലിനമാക്കുന്ന വിധത്തിൽ ആയിരിക്കുകയോ ചെയ്യുന്നുവെങ്കിൽ ആ മരമോ അതിന്റെ കൊമ്പു കളോ മുറിച്ച് മാറ്റുകയും തടസ്സം നീക്കുകയും നിയമനടപടികളിൽ നിന്നും ഒഴിവാകുകയും ചെയ്യുക.

14. പഞ്ചായത്ത് രാജ് നിയമങ്ങളുടെ ലംഘനം, പഞ്ചായത്ത്രാജ് ആക്ടിലെ വിവിധ ചട്ടങ്ങൾ പ്രകാരം ശിക്ഷാർഹമാണെന്നും അറിയുക.